## വൃക്ഷ പട്ടയ പദ്ധതി

*6 [156] *ശ്രീ. പി. ജയരാജൻ:*

" *വി. ചെന്താമരാക്ഷൻ:*

" *കെ. കെ. ജയചന്ദ്രൻ:*

" *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പിലാക്കാൻ പോകുന്ന വൃക്ഷ പട്ടയ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഭൂമിയിലും പുറമ്പോക്ക് ഭൂമിയിലും വൃക്ഷം നട്ടുവളർത്തൽ പദ്ധതി എന്നാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ മറവിൽ സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും കയ്യേറാനും, ഉടമസ്ഥാവകാശം സ്ഥാപിക്കുവാനും കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ഭൂമിയിൽ വൃക്ഷം നട്ടുവളർത്തുന്നതിന് റവന്യൂ വകുപ്പിന്റെ അനുമതി ആവശ്യമാണോ; ഇത് സംബന്ധിച്ച് എന്തെങ്കിലും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

*ഉത്തരം*

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വനത്തിന് പുറത്ത് വെളിപ്രദേശങ്ങളിൽ കിടക്കുന്ന ഭൂമിയിൽ മരംവളർത്തി 8 വർഷം കഴിയുമ്പോൾ മുറിച്ചുവിറ്റ് ആദായം ഉണ്ടാക്കാനുള്ള പദ്ധതിയാണിത്. ഇങ്ങനെ മരം മുറിച്ചുമാറ്റുന്നതിന് മുമ്പ് പകരം മരങ്ങൾ വച്ചുപിടിപ്പിച്ചാൽ മാത്രമേ മരം മുറിക്കാൻ അനുവദിക്കുകയുള്ളൂ. വൃക്ഷപട്ടയം ലഭിക്കുന്ന വ്യക്തിക്ക് അയാൾ നട്ടുവളർത്തുന്ന മരത്തിന്മേൽ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. മരം നിൽക്കുന്ന ഭൂമിയിൽ യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

(ബി) അർഹതപ്പെട്ട അപേക്ഷകരുണ്ടെങ്കിൽ 2005 ജൂലൈ മാസത്തിൽ തന്നെ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) വൃക്ഷ പട്ടയ പദ്ധതിയിൽ പട്ടയം ലഭിക്കുന്ന ആൾക്ക് അയാൾ നടുന്ന വൃക്ഷത്തിന് മാത്രമായിരിക്കും അവകാശം, ഭൂമിയിൽ അവകാശം ഉണ്ടായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റവന്യൂ വകുപ്പിന്റെ അനുമതി ആവശ്യമാണ്. കാരണം പട്ടയം നൽകുന്നത് അതാത് വില്ലേജ് ആഫീസർമാരാണ്. കൂടാതെ ഏത് വകുപ്പിന്റെ ഭൂമിയിലാണോ വൃക്ഷപ്പട്ടയ പദ്ധതി നടപ്പിലാക്കുന്നത് ആ വകുപ്പിന്റെ അനുമതി വേണം.

സർക്കാർ ഉത്തരവ് എംഎസ്. നമ്പർ 25/95/വനം. തീയതി 20-6-1995 പ്രകാരം ഇതിനുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആയതിന്റെ കോപ്പി അനുബന്ധമായി വച്ചിരിക്കുന്നു. †

**അട്ടപ്പാടി മേഖലയിലെ, വിഷലിപ്തമായ നീരുറവകൾ**

*7 [157] *ശ്രീ. പി. ടി. തോമസ്:*
*,, ബി. വിജയകുമാർ:*
*,, കെ. മുഹമ്മദാലി:*
*,, വി. ജെ. പൗലോസ്:*
*,, കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വനപ്രദേശത്ത് കഞ്ചാവ് കൃഷിയുമായി ബന്ധപ്പെട്ട് എൻഡോസൾഫാനും അതുപോലുള്ള അപകടകരമായ കീടനാശിനികളും തളിക്കുന്നുണ്ടോ;

(ബി) ഇതുമൂലം നീരുറവകൾ വിഷലിപ്തമായിട്ടുണ്ടോ?

*ഉത്തരം*

(എ) & (ബി) അട്ടപ്പാടി വനപ്രദേശത്ത് കഞ്ചാവ് കൃഷിയുമായി ബന്ധപ്പെട്ട് എൻഡോസൾഫാൻ മുതലായ കീടനാശിനികൾ തളിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മയക്കുമരുന്ന് കടത്തുമായി ബന്ധപ്പെട്ട് സർക്കാർ എടുത്ത കേസ്സുകൾ**

*8 [158] ശ്രീ. റോഷി അഗസ്റ്റിൻ:*
*,, തോമസ് ചാഴികാടൻ:*
*,, കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെറോയിൻ ഉൾപ്പെടെയുള്ള മയക്കുമരുന്ന് കള്ളക്കടത്തുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ പിടിച്ചിട്ടുണ്ടെന്നും;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly